(ഐ) 1986-ൽ സ്ഥലമെടുപ്പ് ആരംഭിച്ചു. എന്നാൽ ആവശ്യമായ സ്ഥലം മുഴുവൻ ലഭ്യമായിട്ടില്ല.

(ജെ) കിടങ്ങൂരിൽ 13.50 ആർ, പുലിയന്നൂരിൽ 3.69 ആർ, ലാളത്ത് 98.92 ആർ, ഭരണങ്ങാനത്ത് 88.92 ആർ, തലപ്പാലത്ത് 1 ഹെക്ടർ 54.98 ആർ, ഈരാറ്റുപേട്ടയിൽ 86.37 ആർ. ഇത്രയും സ്ഥലമാണ് ലഭിക്കാനുള്ളത്.

(കെ) 133 ലക്ഷം രൂപ ചെലവായി.

(എൽ) അനുബന്ധമായി വച്ചിട്ടുണ്ട്.†

(എം) 1,75,00,000 രൂപ

(എൻ) ഇതുവരെ ഒന്നും കൊടുത്തിട്ടില്ല.

(ഒ) ഇല്ല.

(പി) ഉണ്ട്.

(ക്യൂ) ടി. പി. ആന്റണി എന്ന കോൺട്രാക്ടർ നൽകിയ കേസിന്റെ വിധി പ്രകാരം യഥാസമയം പണം കൊടുത്തില്ലെങ്കിൽ 18% പലിശകൂടി കൊടുക്കാൻ ഉത്തരവായിട്ടുണ്ട്.

ഇറഞ്ഞാൽ-തിരുവഞ്ചൂർ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ

85 (3726) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറഞ്ഞാൽ - തിരുവഞ്ചൂർ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ ഉപരോധവും ധർണയും നടത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ പണിക്ക് ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ റോഡിന്റെ പണി എത്രയും വേഗം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാറുകാർ യഥാസമയം പണി ഏറ്റെടുത്തു നടത്തുവാൻ വരാത്തതുകൊണ്ടാണ് കാലതാമസം ഉണ്ടായത്.

(സി) പ്രസ്തുത റോഡ് പണിക്കുള്ള ടെൻഡർ വകുപ്പിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

---

†അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly